# സഹചാരി ഫണ്ട് ശേഖരണം വിജയിപ്പിക്കുക

ആതുര സേവനത്തിന്
സഹചാരി
SKSSF റിലീഫ് സെൽ

ബഹുമാന്യരെ,

ക്ഷേമമെന്ന് കരുതുന്നു, വിശുദ്ധ റമളാൻ വീണ്ടും സമാഗതമാവുകയാണല്ലോ! പുണ്യ മാസത്തെ സൽ കർമ്മങ്ങൾകൊണ്ട് ധന്യമാക്കാൻ നമുക്ക് സാധ്യമാവട്ടെ! സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ വിദ്യാർത്ഥി വിഭാഗമായ എസ്.കെ.എസ്.എസ്.എഫിന് കീഴിൽ കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന സഹചാരി റിലീഫ് സെൽ ആതുര സേവന രംഗത്ത് നിസ്തുലമായ സേവനങ്ങൾകൊണ്ട് പ്രശംസനീയമാണ്.

ഓരോ വർഷവും റമളാനിലെ ആദ്യ വെള്ളിയാഴ്ചയിൽ നടത്തുന്ന ഫണ്ട് ശേഖരണത്തിലൂടെ സ്വരൂപിക്കുന്ന തുക കൊണ്ട് പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസമേകാൻ ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. അപകടങ്ങളെ തുടർന്നോ അവയവങ്ങളുടെ തകരാറുകൊണ്ടോ മറ്റോ രോഗികളാകേണ്ടി വരുന്നവരുടെയും ചികിത്സക്ക് സാമ്പത്തികമായി പ്രയാസമനുഭവിക്കുന്നവരുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് വളരെ സ്വകാര്യമായും സുതാര്യമായും സഹായം എത്തിച്ചു കൊടുക്കുന്ന രീതിയാണ് സഹചാരി റിലീഫ് സെൽ സ്വീകരിച്ചുവരുന്നത്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് സഹചാരി ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. എം.വി.ആർ കാൻസർ സെന്ററിനടുത്ത് വിപുലമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന സഹചാരി സെന്റർ നിരവധി രോഗികളുടെ ആശാകേന്ദ്രമാണ്. തിരുവനന്തപുരം ആർ.സി.സിയുടെ അടുത്ത് സഹചാരി സെന്റർ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

**കഴിഞ്ഞ വർഷം നൽകിയ സഹായം**

| | |
|---|---|
| ഹൃദ്രോഗികൾ 585 പേർക്ക് 38,49,000 | കാൻസർ രോഗികൾ 928 പേർക്ക് 5,81,200 |
| ഡയാലിസിസ് രോഗികൾ 1240 പേർക്ക് 63,90,500 | മറ്റു രോഗികൾ 1810 പേർക്ക് 1,82,88,500 |
| ആക്സിഡന്റ് 620 പേർക്ക് 64,03,500 | മരുന്ന് വിതരണം 8,44,350 |
| 18 വയസ്സിന് താഴെ കാൻസറുള്ള 73 രോഗികൾക്ക് സ്പെഷ്യൽ ധനസഹായം 2,19,000 | |
| 103 ഡയാലിസിസ് രോഗികൾക്ക് ഒരു വർഷത്തെ സഹായം 37,08,000 | |
| കിഡ്നി മാറ്റിവെച്ച 100 രോഗികൾക്ക് ഒരു വർഷത്തെ സഹായം 30,00,000 | |

ഈ വർഷത്തെ ഫണ്ട് ശേഖരണം റമളാൻ ആദ്യ വെള്ളി (ഫെബ്രുവരി 20) നടക്കുകയാണ്. ഈ വർഷത്തെ ഫണ്ട് ശേഖരണം വിജയിപ്പിക്കണമെന്നും നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. മാരകമായ രോഗങ്ങളെ തൊട്ടും ബുദ്ധിമുട്ടുകളെ തൊട്ടും അല്ലാഹു നമ്മെ രക്ഷിക്കട്ടെ. സമ്പത്തിൽ ബറകത്ത് ചെയ്യട്ടെ, നമ്മുടെ പ്രവർത്തനങ്ങൾ നാഥൻ സ്വീകരിക്കട്ടെ - ആമീൻ

Download
SKSSF Sahchari App On
GET IT ON Google Play | Available on the App Store

sksfsahachari.com

**പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ**
(ചെയർമാൻ, സഹചാരി റിലീഫ് സെൽ), SKSSF സംസ്ഥാന കമ്മിറ്റി
ഇസ്‌ലാമിക് സെന്റർ, റെയിൽവേ ലിങ്ക് റോഡ്, കോഴിക്കോട്-2
ഫോൺ: 0495 2700177, www.skssf.in,
sahachari2007@gmail.com